# മാതൃകാ സായംപ്രഭാ ഹോം പദ്ധതി

വയോജനങ്ങൾക്കായി വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന മാതൃകാ സായംപ്രഭാ ഹോം പദ്ധതിയുടെ 2019-20 വർഷത്തെ നടത്തിപ്പിലേയ്ക്കായി NGO കളിൽ നിന്ന് താല്പര്യ പത്രം ക്ഷണിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പിന് താല്പര്യമുള്ള സംഘടനകൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**അംഗീകാരം**

കേന്ദ്ര സംസ്ഥാന സർക്കാരിന്റെ അംഗീകാരം/ രജിസ്ട്രേഷൻ ഉള്ള സംഘടന ആയിരിക്കണം

**പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

- കൊല്ലം, മലപ്പുറം ജില്ലകളിലാണ് 2019-20 വർഷം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്
- മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 നെ അടിസ്ഥാനമാക്കി പൊതുജന അവബോധ പരിപാടികളും ക്ലാസ്സുകളും മാതൃകാ സായംപ്രഭാ ഹോമുകളിലൂടെ സംഘടിപ്പിയ്ക്കുക
- മുതിർന്നവർക്കെതിരേ നടക്കുന്ന അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും മുതിർന്നവർ നേരിടുന്ന മാനസിക , ശാരീരിക, സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് പൊതു സമൂഹത്തെ ബോധവത്കരിക്കുക
- വിവിധ സ്വയംതൊഴിൽ പരിശീലനങ്ങൾ സായംപ്രഭാ ഹോമിലൂടെ നല്കുക
- വിവിധ മെഡിക്കൽ സേവനങ്ങൾ വയോജനങ്ങൾക്കായി നല്കുക
- വിവിധ വിനോദോപാധികൾ ഒരുക്കുക, വിനോദ പരിപാടികൾ നടത്തുക
- വയോസംഗമങ്ങൾ നടത്തുക
- ആവശ്യമായ മരുന്നുകളുടെ വിതരണം

തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങളായി തീരുമാനിച്ചിട്ടുള്ളത്.

**സർക്കാർ ലഭ്യമാക്കുന്ന സൗകര്യങ്ങൾ**

മാതൃകാ സായംപ്രഭാ ഹോം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കെട്ടിട സൗകര്യം , ഫണ്ട് എന്നിവ വകുപ്പ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്.

**NGO ഒരുക്കേണ്ട സൗകര്യങ്ങൾ**

പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള സൗകര്യം NGO ഒരുക്കേണ്ടതാണ്. പുറമേ സേവനങ്ങൾ നിർവഹിക്കേണ്ടതാണ്.

- ആഴ്ചയിൽ നാല് ദിവസം മെഡിക്കൽ ഓഫീസറുടെ സേവനം
- വയോജനങ്ങളെ വീട്ടിൽ നിന്നും ഹോമിലേയ്ക്കും തിരിച്ച് എത്തിക്കുന്നതിനുള്ള വാഹന സൗകര്യം
- ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം
- വീൽചെയർ, വാക്കർ തുടങ്ങിയ സഹായ ഉപകരണങ്ങൾ, മെഡിക്കൽ, ഫിസിയോതെറാപ്പി ഉപകരണങ്ങൾ എന്നിവ സജ്ജമാക്കൽ
- വയോജനങ്ങൾക്ക് അനുയോജ്യമായ വ്യായാമ ഉപകരണങ്ങൾ സജ്ജമാക്കൽ
- ആവശ്യമായ മരുന്നുകളുടെ വിതരണം
- വിവിധ വിനോദ ഉപാധികൾ സജ്ജമാക്കൽ. ഉദാ- ടി.വി, കാരംസ്, ചെസ് തുടങ്ങിയവ
- കെയർ ഗീവർ, കമ്മ്യൂണിറ്റി വർക്കർ, നഴ്സ് എന്നിവരുടെ സേവനം
- Dementia Assessment / Memory Clinic എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള സൗകര്യം
- വയോജനങ്ങൾക്ക് അവരുടെ അഭിരുചികൾക്ക് അനുസൃതമായി Painting, Gardening തുടങ്ങിയ recreational പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സ്പേസ് ഒരുക്കൽ.
- പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിലും സായംപ്രഭാ ഹോമിൽ ഒരുക്കേണ്ട സൗകര്യങ്ങളിലും ഉദ്ദേശ്യ ശുദ്ധിയോടെ NGO കാര്യങ്ങൾ നിർവഹിക്കേണ്ടതാണ്.
- പദ്ധതിയ്ക്കായി തിരഞ്ഞെടുക്കപ്പെടുന്ന NGO പദ്ധതി നടത്തിപ്പിനായി സാമൂഹ്യനീതി ഡയറക്ടറുമായി ധാരണാപത്രം ഒപ്പു വയ്ക്കേണ്ടതാണ്.

മേൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതി ലക്ഷ്യങ്ങൾ നടത്തുന്നതിന് അനുയോജ്യതയും താല്പര്യവും ഉള്ള സന്നദ്ധ സംഘടനകൾ പദ്ധതി നടത്തുന്നതിന് ആവശ്യമായ പ്രൊപ്പോസൽ, രജിസ്ട്രേഷൻ രേഖകൾ എന്നിവ സഹിതം 31.08.2019

തീയതിയ്ക്കു മുൻപായി സാമൂഹ്യനീതി ഡയറക്ടർ മുൻപാകെ തപാൽ മുഖേന ലഭ്യമാക്കേണ്ടതാണ്. സാമൂഹ്യനീതി ഡയറക്ടർ നിശ്ചിത തീയതിയ്ക്കകം ലഭ്യമാകുന്ന പ്രൊപ്പോസൽ പരിശോധിച്ച് യോജിച്ച NGO യെ പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുക്കുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി